കേരള സർക്കാർ

നമ്പർ : LSGD/JD/MPM/9640/2024-H3

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, മലപ്പുറം.
ഇ-മെയിൽ: jdlsgdmpm@gmail.com
ഫോൺ: 0483-2734838

തീയ്യതി: 03-12-2024

മലപ്പുറം ജില്ല തദ്ദേശ സ്വയംഭരണ വകുപ് ഉപജില്ല - 0 6 പെർമനെന്റ് അദാലത്ത് സമിതി യോഗം 30.11.2024 ശനിയാഴ്ച പകൽ 11.00 മണിക്ക് online ആയി ചേർന്നതിന്റെ മിനിട്സ് .

ഹാജർ

1 രാജൻ. കെ.കെ. ഐ.വി.ഒ (കൺവീനർ, ഉപജില്ല സമിതി)

2. നൈസാം, ഡെപ്യൂട്ടി ടൗൺ പ്ലാനർ (മെമ്പർ, ഉപജില്ല സമിതി)

3.അസി.എക്സി.എഞ്ചിനീയർക്ക വേണ്ടി അസിസ്റ്റൻറ് എഞ്ചിനീയർ, മലപ്പുറം ബ്ലോക്ക് (മെമ്പർ, ഉപജില്ല സമിതി)

4. അനീഷ്, സെക്രട്ടറി, ആനക്കയം ഗ്രാമപഞ്ചായത്ത്.

5. മുഹമ്മദ് അഷറഫ്, ഏലാന്തി ഹൌസ്, നെല്ലിക്കുത്ത് പി.ഒ..

6. പ്രകാശ്, കൺസൾട്ടണ്ട്, (പരാതിക്കാരനു വേണ്ടി)

യോഗം 11.15 എ. എം.ന് ആരംഭിച്ചു. അദാലത്ത് പോർട്ടിൽ ലഭിച്ച താഴെ ചേർത്ത അപേക്ഷ പരിഗണിച്ചു.

1 TLMPM60930000044 – മുഹമ്മദ് അഷറഫ് - 9846317370 - ആനക്കയം ഗ്രാമപഞ്ചായത്ത് - ഗോഡൌൺ തുടങ്ങുന്നതിന് ലൈസൻസിനായി നൽകിയ അപേക്ഷ നിരസിച്ചത് സംബന്ധിച്ച പരാതി.

ആനക്കയം ഗ്രാമപഞ്ചായത്തിലെ 21/173 ബി. നമ്പർ കെട്ടിടത്തിൽ ഗ്യാസ് ഗോഡൌൺ ആരംഭിക്കുന്നതിന് N O C ലഭിക്കാൻ ശ്രീ. അഷ്റഫ്, എലാന്തി ഹൌസ്, നെല്ലിക്കുത്ത് പി.ഒ. സമർപ്പിച്ച അപേക്ഷയിൽ ആനക്കയം ഗ്രാമപഞ്ചായത്തിൽ നിന്ന് N O C ലഭിക്കാത്തത് സംബന്ധിച്ച് പരാതി യോഗം

ചർച്ച ചെയ്തു. രേഖകൾ പരിശോധിക്കുകയും പരാതിക്കാരനെ നേരിൽ കേൾക്കുകയും ചെയ്തു.

2016-17 വരെ ടി കെട്ടിടത്തിൽ ഗ്യാസ് ഗോഡൌൺ പ്രവർത്തിക്കുന്നതിന് പഞ്ചായത്ത് ലൈസൻസ് നൽകിയിരുന്നു. ഇപ്പോൾ പുതിയതായി ഗ്യാസ് ഗോഡൌൺ ആരംഭിക്കുന്നതിന് NOC അനുവദിക്കുവാൻ പരാതിക്കാരൻ നല്കിയ അപേക്ഷ പഞ്ചായത്ത് പരിശോധിച്ചതിൽ 21/173 ബി. നമ്പർ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള ഗണത്തിൽ പെടുന്നതായതിനാൽ ടി കെട്ടിടത്തിൻറെ ഒക്യുപ്പെൻ സി group 1 Hazardous വിഭാഗം കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നിർദ്ദേശിച്ചുവെങ്കിലും KPBR Rule 2011 ചട്ടം 61(3), KPBR Rule 2019 ചട്ടം 26(4) Table പ്രകാരം കെട്ടിടത്തിൻറെ ചുറ്റുപാടും 7 . 5 മീറ്റർ ഓപ്പൺ യാർഡ് ഇല്ലാത്തതിനാൽ ഒക്യുപ്പെൻസി മാറ്റുന്നതിന് കഴിഞ്ഞിട്ടില്ല.

2016-17 വരെ പഞ്ചായത്ത് ലൈസൻസോടുകൂടി ഈ കെട്ടിടത്തിൽ ഗ്യാസ് ഗോഡൌൺ പ്രവർത്തിച്ചിരുന്നത് പരിഗണിച്ചും, കെട്ടിടം 2 0 വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ചതാണെന്ന് പരിഗണിച്ചും കൂടാതെ ഗ്യാസ് ഗോഡൌൺ ആരംഭിക്കുന്നതിന് PCB, PESO, Fire, Explosive വിഭാഗങ്ങളിൽ നിന്ന് NOC ലഭിച്ച സാഹചര്യം പരിഗണിച്ചും ടി കെട്ടിടത്തിൽ ഗോഡൌൺ ആരംഭിക്കുന്നതിന് NOC നൽകണമെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടു.

പഞ്ചായത്തിൽ നിന്നും മുൻകാലങ്ങളിൽ ഈ ആവശ്യത്തിന് ലൈസൻസ് അനുവദിച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയില്ലെന്നും അപകട സ്വഭാവമുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുതിന് NOC അനുവദിക്കുന്നതെന്നതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചാൽ മാത്രമേ NOC നൽകാൻ സാധിക്കുകയുള്ളുവെന്ന് സെക്രട്ടറി അറിയിച്ചു.

മേൽ വിഷയം ചർച്ച ചെയ്തത് പ്രകാരം ഗ്യാസ് ഗോഡൌൺ ആരംഭിക്കേണ്ട ആവശ്യത്തിലേക്കുള്ള 21/173 ബി നമ്പർ കെട്ടിടം നിലവിലുള്ള വാണിജ്യാവശ്യ ഗണത്തിൽ നിന്ന് group 1 Hazardous ഗണത്തിലേക്ക് മാറ്റേണ്ടതാണെന്ന് യോഗം വിലയിരുത്തി.

KPBR 2019 ചട്ടം 26 (4) Table പ്രകാരം കെട്ടിടത്തിന് ചുറ്റുപാടും 7.5 മീറ്റർ ഓപ്പൺ യാർഡ് ആവശ്യമുണ്ട്.

KPBR 2011 ചട്ടം 61 (3) പ്രകാരം കെട്ടിടത്തിന് ചുറ്റുപാടും 7.5 ഓപ്പൺ യാർഡ് ആവശ്യമാണ്. നിലവിൽ 5 മീറ്ററാണ് ഓപ്പൺ യാർഡ് ഉള്ളത്.

ടി കെട്ടിടം group 1 Hazardous ഗണത്തിലേക്ക് മാറ്റാൻ ആവശ്യമായ നിബന്ധന പാലിക്കാൻ കഴിയാത്തതിനാൽ ടി കെട്ടിടത്തിൽ 2016-17 വരെ ഇതേ ആവശ്യത്തിനായി ലൈസൻസ് അനുവദിച്ചിരുന്നത് പരിഗണിച്ചും ടി കെട്ടിടം 20 വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ചതായത് പരിഗണിച്ചും NOC നൽകാൻ ഇളവ് നല്കുന്ന കാര്യം പരിഗണിക്കുന്നതിനായി പരാതി ജില്ലാ അദാലത്തിലേക്ക് കൈമാറുന്നതിന് തീരുമാനിച്ചു.

മീറ്റിംഗ് 12.10 pm ന് അവസാനിച്ചു.

// ശരി പകർപ്പ് //

(ഒപ്പ് )

രാജൻ കെ കെ

ഇന്റേർണൽ വിജിലൻസ് ഓഫീസർ &

കൺവീനർ, ഉപജില്ല അദാലത്ത് സമിതി-06.

വിശ്വസ്തതയോടെ

**Signed by Rajan K K**
**Date: 03-12-2024 15:30:43**

Rajan K K
INTERNAL VIGILANCE OFFICER

പകർപ്പ് :

1. ഉപജില്ലാ അദാലത്ത് സമിതി അംഗങ്ങൾക്ക്,
2. സെക്രട്ടറി ആനക്കയം ഗ്രാമപഞ്ചായത്ത്.
3. അസിസ്റ്റന്റ് എൻജിനീയർ,ആനക്കയം ഗ്രാമപഞ്ചായത്ത്.
4. മുഹമ്മദ് അഷറഫ്, ഏലാന്തി ഹൌസ്, നെല്ലിക്കുത്ത് പി.ഒ. (പരാതിക്കാരൻ)